




എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

وَأَوْفُوا۟ بِعَهْدِ ٱللَّهِ إِذَا عَـٰهَدتُّمْ وَلَا تَنقُضُوا۟ ٱلْأَيْمَـٰنَ بَعْدَ تَوْكِيدِهَا
وَقَدْ جَعَلْتُمُ ٱللَّهَ عَلَيْكُمْ كَفِيلًا ۚ إِنَّ ٱللَّهَ يَعْلَمُ مَا تَفْعَلُونَ ﴿٩١﴾

وَلَا تَكُونُوا۟ كَٱلَّتِى نَقَضَتْ غَزْلَهَا مِنۢ بَعْدِ قُوَّةٍ
أَنكَـٰثًا تَتَّخِذُونَ أَيْمَـٰنَكُمْ دَخَلًۢا بَيْنَكُمْ أَن تَكُونَ أُمَّةٌ هِىَ أَرْبَىٰ مِنْ
أُمَّةٍ ۚ إِنَّمَا يَبْلُوكُمُ ٱللَّهُ بِهِۦ ۚ وَلَيُبَيِّنَنَّ لَكُمْ يَوْمَ ٱلْقِيَـٰمَةِ مَا كُنتُمْ
فِيهِ تَخْتَلِفُونَ ﴿٩٢﴾

وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَـٰكِن يُضِلُّ مَن يَشَآءُ وَيَهْدِى مَن
يَشَآءُ ۚ وَلَتُسْـَٔلُنَّ عَمَّا كُنتُمْ تَعْمَلُونَ ﴿٩٣﴾

**91.** അല്ലാഹുവിനോടു പ്രതിജ്ഞ ചെയ്താൽ അതു പാലിക്കേണം. ഉറപ്പിച്ചു കഴിഞ്ഞ ശപഥങ്ങൾ ലംഘിച്ചു കൂടാ. അല്ലാഹുവിനെ നിങ്ങളതിനു സാക്ഷിയാക്കിയിട്ടുണ്ടല്ലോ. നിങ്ങൾ ചെയ്യുന്നതൊക്കെയും തീർച്ചയായും അല്ലാഹു അറിയുന്നുണ്ട്.

**92.** മിനക്കെട്ട് നൂൽനൂറ്റ് ബലിഷ്ഠമാക്കിയശേഷം പിരിയുടച്ച് തുണ്ടങ്ങളാക്കിയ സ്ത്രീയെപ്പോലെയായിപ്പോകരുത് നിങ്ങൾ. പ്രതിജ്ഞകളെ പരസ്പരം വഞ്ചിക്കാനുള്ള ഉപായമാക്കുകയാണ് നിങ്ങൾ; ഒരു കക്ഷി മറുകക്ഷിയേക്കാൾ നേട്ടമുണ്ടാക്കാൻ. വാസ്തവത്തിൽ അതുവഴി അല്ലാഹു നിങ്ങളെ പരീക്ഷിക്കുക തന്നെയാകുന്നു. ഉയിർത്തെഴുന്നേൽപു നാളിൽ തീർച്ചയായും നിങ്ങളുടെ തർക്കങ്ങളുടെയെല്ലാം നിജസ്ഥിതി അവൻ വിശദീകരിച്ചു തരികതന്നെ ചെയ്യും.

**93.** അല്ലാഹു നിങ്ങളിൽ യാതൊരു ഭിന്നിപ്പുമുണ്ടാവരുതെന്നു ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെല്ലാവരെയും ഒരൊറ്റ കക്ഷിയാക്കുമായിരുന്നു. എന്നാൽ അവനുദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുന്നു. അവനുദ്ദേശിക്കുന്നവരെ നേർവഴിക്കു നയിക്കുന്നു. തീർച്ചയായും നിങ്ങളുടെ കർമങ്ങളൊക്കെയും വിചാരണ ചെയ്യപ്പെടുന്നതാകുന്നു.

وَأَوْفُوا= നിങ്ങൾ പാലിക്കേണം بِعَهْدِ ٱللَّهِ= അല്ലാഹുവിന്റെ(നോടു ചെയ്ത) പ്രതിജ്ഞയെ إِذَا عَـٰهَدتُّمْ= നിങ്ങൾ പ്രതിജ്ഞ ചെയ്താൽ
وَلَا تَنقُضُوا= നിങ്ങൾ ലംഘിച്ചുകൂടാ ٱلْأَيْمَـٰنَ= ശപഥങ്ങളെ بَعْدَ تَوْكِيدِهَا= അതിന്റെ ഉറപ്പിക്കലിന്(ഉറപ്പിച്ചു കഴിഞ്ഞ)ശേഷം
وَقَدْ جَعَلْتُمُ ٱللَّهَ= നിങ്ങൾ അല്ലാഹുവിനെ ആക്കി(യിട്ടുണ്ടല്ലോ) عَلَيْكُمْ= (അതിന്ന്) നിങ്ങളുടെ മേൽ كَفِيلًا= ഉത്തരവാദി(സാക്ഷി)
إِنَّ ٱللَّهَ= നിശ്ചയം, അല്ലാഹു يَعْلَمُ= അറിയുന്നുണ്ട് مَا تَفْعَلُونَ= നിങ്ങൾ ചെയ്യുന്നത്(ഒക്കെയും)
وَلَا تَكُونُوا= നിങ്ങൾ ആയിപ്പോകരുത് كَٱلَّتِى نَقَضَتْ= പിരിയുടച്ച(ഇഴയഴിച്ച)വളെപ്പോലെ, غَزْلَهَا= അവളുടെ നൂൽപ്പ്(നൂൽ)
مِنۢ بَعْدِ قُوَّةٍ= ബലത്തിനു(ബലിഷ്ഠമാക്കിയ)ശേഷം أَنكَـٰثًا= തുണ്ടങ്ങൾ, ഇഴകൾ(ആക്കിയ)
تَتَّخِذُونَ= നിങ്ങൾ എടുക്കുന്നു(ആക്കുകയാണ്) أَيْمَـٰنَكُمْ= നിങ്ങളുടെ പ്രതിജ്ഞകളെ دَخَلًا= വഞ്ചനയാ(ഞ്ചിക്കാനുള്ള ഉപായമാ)യി

ഒരു സമുദായം(കക്ഷി) =أُمَّةٌ ആകുവാൻ(ഉണ്ടാക്കാൻ) =أَن تَكُونَ നിങ്ങൾക്കിടയിൽ(പരസ്പരം) =بَيْنَكُمْ
ഒരു സമുദായത്തെ(മറുകക്ഷിയെ)ക്കാൾ =مِنْ أُمَّةٍ ഏറ്റം വളർന്നത് അധികമുള്ളത്(നേട്ടം) =أَرْبَىٰ
അതുവഴി =بِهِۦ (വാസ്തവത്തിൽ)അല്ലാഹു നിങ്ങളെ പരീക്ഷിക്കുക തന്നെയാകുന്നു =إِنَّمَا يَبْلُوكُمُ ٱللَّهُ
ഉയിർത്തെഴുന്നേൽപുനാളിൽ =يَوْمَ ٱلْقِيَٰمَةِ അവൻ നിങ്ങൾക്ക് വിശദീകരിച്ചു തരികതന്നെ ചെയ്യും =وَلَيُبَيِّنَنَّ لَكُمْ
നിങ്ങൾ ഭിന്നിച്ചിരുന്നത് എന്തിലാണോ അത്(നിങ്ങളുടെ തർക്കങ്ങളുടെയെല്ലാം നിജസ്ഥിതി =مَا كُنتُمْ فِيهِ تَخْتَلِفُونَ
അവൻ നിങ്ങളെ ഒരൊറ്റ സമുദായം (കക്ഷി)യാക്കുമായിരുന്നു =لَجَعَلَكُمْ أُمَّةً وَٰحِدَةً അല്ലാഹു ഇഛിച്ചുവെങ്കിൽ =وَلَوْ شَآءَ ٱللَّهُ
അവൻ നേർവഴിക്കു നയിക്കുന്നു =وَيَهْدِى അവനുദ്ദേശിക്കുന്നവരെ =مَن يَشَآءُ അവൻ വഴിതെറ്റിക്കുന്നു =يُضِلُّ പക്ഷേ, എന്നാൽ =وَلَٰكِن
തീർച്ചയായും ചോദിക്കപ്പെടും(വിചാരണ ചെയ്യപ്പെടുന്നതാകുന്നു) =وَلَتُسْـَٔلُنَّ അവനുദ്ദേശിക്കുന്നവരെ =مَن يَشَآءُ
നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച്(നിങ്ങളുടെ കർമങ്ങളൊക്കെയും) =عَمَّا كُنتُمْ تَعْمَلُونَ

**91.** വിധിവിലക്കുകൾ മൊത്തമായി പ്രസ്താവിച്ച ശേഷം അതിൽ സുപ്രധാനമായ ഒന്ന് സന്ദർഭോചിതമായി പ്രത്യേകം എടുത്തുപറയുകയാണ്. കരാറുകളുടെയും പ്രതിജ്ഞകളുടെയും പാലനമാണത്. സമൂഹത്തെ ബന്ധിപ്പിച്ചു നിർത്തുന്ന പാശമാണ് പ്രത്യക്ഷവും പരോക്ഷവുമായ കരാറുകൾ. ഇതിന്റെ പ്രാധാന്യം *ഖുർആൻ ബോധനം, അൽ ബഖറ* 177-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിട്ടുണ്ട്. ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തെക്കുറിച്ച് ഇബ്നു ജരീർ മുസൈദതുബിൻ ജാബിറിൽനിന്ന് ഉദ്ധരിക്കുന്നു: നബി(സ)യും പുതുതായി ഇസ്‌ലാമിൽ ചേരുന്നവരും തമ്മിൽ നടന്നിരുന്ന പ്രതിജ്ഞ بيعة നെക്കുറിച്ചാണീ സൂക്തം അവതരിച്ചത്. സൂക്തത്തിന്റെ സാരമിതാണ്: "മുഹമ്മദും കൂട്ടരും എണ്ണത്തിൽ കുറവാണെന്നതും വിഗ്രഹാരാധകർ പെരുത്തുണ്ട് എന്നതും അദ്ദേഹവുമായി ചെയ്ത കരാർ -ബൈഅത്ത്- ലംഘിക്കുവാൻ നിങ്ങളെ പ്രേരിപ്പിച്ചുകൂടാ." ആദ്യകാലത്ത് മുസ്‌ലിമാകുന്ന ഓരോ വ്യക്തിയും ഇസ്‌ലാമിന്റെ താൽപര്യമായി പ്രവാചകൻ അനുശാസിക്കുന്ന എല്ലാ സൽകാര്യങ്ങളിലും അദ്ദേഹത്തെ അനുസരിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തിരുന്നു. ഹിജ്‌റക്കു മുമ്പും പിമ്പും ഇത്തരം ബൈഅത്തുകൾ ആവർത്തിച്ചിട്ടുണ്ട്. അൻസാറുകൾ ചെയ്ത ബൈഅതുൽ അഖബ ഹിജ്‌റക്കു മുമ്പു നടന്ന ഏറ്റവും പ്രധാനപ്പെട്ട ബൈഅത്തുകളിൽ പെടുന്നു. ബൈഅത്തുൽ ഹുദൈബിയയാണ് ഹിജ്‌റക്ക് ശേഷമുണ്ടായ ചരിത്രപ്രധാനമായ ബൈഅത്ത്.

മറുവശത്ത്, വിശ്വാസികളായവരെ പൂർവമതത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന് പ്രവാചകനെ ഒറ്റപ്പെടുത്താൻ ഖുറൈശി നേതാക്കൾ തകൃതിയായി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. മദീനയിൽനിന്ന് കുറെപ്പേർ മക്കയിൽ വന്ന് ഇസ്‌ലാം സ്വീകരിക്കുകയും പ്രവാചകന്നു ബൈഅത്തു ചെയ്യുകയും ചെയ്തതോടെ യഹൂദരും ഇക്കാര്യത്തിൽ തൽപരരായി. ആളുകൾ ഇസ്‌ലാമിലേക്കു പോകുന്നത് തടയാനും പോയവരെ തിരികെ കൊണ്ടുവരാനും പലതരം തന്ത്രങ്ങളും തട്ടിപ്പുകളും ഉപദേശിച്ചുകൊണ്ട് അവർ ഖുറൈശികളെ പിന്തുണച്ചു. പേരു പറയാതെ അവരെക്കൂടി സംബോധന ചെയ്തുകൊണ്ടുള്ളതാണീ സൂക്തം.

عهد الله അല്ലാഹുവിന്റെ കരാറ് എന്നതുകൊണ്ട് മൂന്നുതരം കരാറുകളും പ്രതിജ്ഞകളും ഉദ്ദേശ്യമാകുന്നു. ഇസ്‌ലാമിന്റെ വിധിവിലക്കുകൾ അനുസരിക്കുകയാണ് ഒന്നാമത്തേത്. ഒരുവൻ മുസ്‌ലിം ആവുക എന്നാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുകയാണ്. അല്ലാഹുവിനെ സാക്ഷിയാക്കി ചെയ്യുന്ന പ്രതിജ്ഞകളും കരാറുകളുമാണ് രണ്ടാമത്തേത്. ഒരാൾ മറ്റുള്ളവരോടു ബോധപൂർവം ചെയ്യുന്ന എല്ലാ കരാറുകളും പ്രതിജ്ഞകളുമാണ് മൂന്നാമത്തേത്. കക്ഷികൾ പറഞ്ഞിട്ടില്ലെങ്കിലും അത്തരം കരാറുകൾക്കും അല്ലാഹു സാക്ഷിയാകുന്നു.

പ്രതിജ്ഞ ദൃഢീകരിക്കുക تَوْكِيدِهَا- എന്നു പറഞ്ഞതിന്റെ ഒരു താൽപര്യം ഇസ്‌ലാം സ്വീകരിക്കുക വഴിയുണ്ടായ പ്രതിജ്ഞയെ പ്രവാചകനുമായുള്ള ബൈഅത്തിലൂടെ ദൃഢീകരിക്കുകയാണ്. അല്ലാഹുവിനെ സാക്ഷിയാക്കി പ്രതിജ്ഞയെ ദൃഢീകരിക്കുക എന്നാണ് മറ്റൊരു താൽപര്യം. അല്ലാഹുവിനെ സാക്ഷിയാക്കി ഉറപ്പിക്കാത്ത കരാറുകൾ ലംഘിക്കാമെന്നോ പ്രവാചകന്ന് ബൈഅത്തു ചെയ്യാത്ത മുസ്‌ലിമിന്ന് കുഫ്‌റിലേക്ക് തിരിച്ചു പോകാമെന്നോ അല്ല ഇതിനർഥം. സവിശേഷം ദൃഢീകരിച്ച പ്രതിജ്ഞകൾ ലംഘിക്കുന്നത് അതിഗുരുതരമായ കുറ്റമാണെന്നാണ്. പ്രവാചകൻ(സ) പ്രസ്താവിച്ചതായി ജുബൈറുബിൻ മുത്വഇമിൽനിന്ന് മുസ്‌ലിം ഉദ്ധരിക്കുന്നു: "ഇസ്‌ലാമിൽ സഖ്യ പ്രതിജ്ഞയില്ല. ജാഹിലിയ്യത്തിൽ ഉണ്ടായിട്ടുള്ള സഖ്യപ്രതിജ്ഞകളെ ഇസ്‌ലാം കൂടുതൽ ബലിഷ്ഠമാക്കുക മാത്രം ചെയ്യുന്നു." ധാർമികവും നൈതികവുമായ സഖ്യപ്രതിജ്ഞകളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. താൽപര്യമിതാണ്: മുസ്‌ലിം സമൂഹം സ്വയം പ്രതിജ്ഞാബദ്ധമായ സഖ്യസമൂഹമാണ്. ജാഹിലിയ്യാ കാലത്ത് ഗോത്രങ്ങളിലും ഉപഗോത്രങ്ങളിലും ഉണ്ടായിരുന്നതുപോലെ അതിനകത്ത് മറ്റ് സഖ്യങ്ങൾ ആവശ്യമില്ല. ഇസ്‌ലാമിൽ അടിയുറച്ചു നിൽക്കുക എന്നത് ജാഹിലീ സമ്പ്രദായത്തിലുള്ള കരാറുകളെ അപ്രസക്തവും അനാവശ്യവുമാക്കുന്നു. ഇസ്‌ലാം ബലിഷ്ഠമാക്കുന്നു എന്നു പറഞ്ഞ ജാഹിലി സഖ്യത്തിനുദാഹരണമാണ് ഹൽഫുൽ ഫുദൂൽ. മുഹമ്മദ് നബിയുടെ പ്രവാചകത്വ ലബ്ധിക്കു മുമ്പ് ഖുറൈശി പ്രമാണിമാർ അബ്ദുല്ലാഹിബിൻ ജദ്ആന്റെ വസതിയിൽ സമ്മേളിച്ച് എടുത്ത പ്രതിജ്ഞയാണത്. മക്കയിൽ മക്കാവാസികളോ അല്ലാത്തവരോ മർദിതരായിക്കൂടെന്നും വല്ലവരും മർദിതരായാൽ അവർക്ക് നീതി ലഭിക്കുന്നതുവരെ തങ്ങൾ അവരോടൊപ്പം നിൽക്കുന്നതാണെന്നുമായിരുന്നു ഈ പ്രതിജ്ഞയുടെ ഉള്ളടക്കം. ഖുറൈശികൾ ഈ സഖ്യപ്രതിജ്ഞക്ക് حلف الفضول അനുഗ്രഹീത പ്രതിജ്ഞ എന്ന പേരിട്ടു.

മൂസാ(അ) അദ്ദേഹത്തിന്റെ ശരീഅത്തിലെ ഓരോ വിധിയും സമുദായത്തിന്റെ മുമ്പിൽ അവതരിപ്പിച്ച് അതു പാലിച്ചുകൊള്ളാമെന്ന് അല്ലാഹുവിനെ സാക്ഷി നിർത്തി പ്രതിജ്ഞയെടുപ്പിച്ചിരുന്നു. അങ്ങനെ മൂസവി ശരീഅത്ത് അല്ലാഹുവും ഇസ്രാഈല്യരും തമ്മിലുള്ള ഉറച്ച കരാറായിത്തീർന്നു. ശരീഅത്തു നിയമങ്ങളനുസരിച്ചു കൊള്ളാം എന്നതിനു പുറമെ ഇസ്മാഈലി വംശത്തിൽ ആഗതനാകുന്ന പ്രവാചകനെ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്തുകൊള്ളാം എന്നതും ആ കരാറിന്റെ ഭാഗമായിരുന്നു. മുഹമ്മദീയ പ്രവാചകത്വം നിഷേധിച്ചുകൊണ്ട്, നിങ്ങൾ തൗറാത്ത് അവതരണ വേളയിൽ അല്ലാഹുവുമായി ഉറപ്പിച്ചിട്ടുള്ള കരാർ ലംഘിക്കാതിരിക്കുക എന്നാണ് സൂക്തം യഹൂദർക്ക് നൽകുന്ന ആഹ്വാനം. നിങ്ങൾ പുറമെക്ക് എന്തൊക്കെ ന്യായങ്ങൾ നിരത്തിയാലും യഥാർഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ടെന്ന് ഓർത്തിരിക്കുക.

**92.** മുൻ സൂക്തത്തിൽ പരാമർശിച്ച കരാറുകളോടുണ്ടായിരിക്കേണ്ട പ്രതിബദ്ധത ഒന്നുകൂടി ഊന്നിപ്പറയുകയാണ്. കരാറുകളും പ്രതിജ്ഞകളുമാണ് വ്യക്തികളെ തമ്മിലും സമൂഹങ്ങളെ തമ്മിലും കൂട്ടിയിണക്കുന്ന പാശം. പരസ്പര വിശ്വാസമാണ് കരാറുകളുടെയും ഉറപ്പ്. ഓരോ കക്ഷിയും കരാറുകൾ കണിശമായി പാലിച്ചുകൊണ്ടിരിക്കുമ്പോഴേ വിശ്വാസം നിലനിൽക്കുകയും വ്യക്തികൾക്കും സമൂഹങ്ങൾക്കും, സമാധാനവും സുരക്ഷിതത്വവും ലഭിക്കുകയുമുള്ളൂ. ദൃഢമായി കരാർ ചെയ്ത ശേഷം അത് പ്രത്യക്ഷമായോ പരോക്ഷമായോ ലംഘിക്കുന്നത് നല്ല ഉറപ്പിൽ നൂൽനൂറ്റെടുത്ത ശേഷം അത് ഇഴയഴിച്ച് ദുർബലമായ കഷ്ണങ്ങളാക്കുന്നതുപോലെയാണ്. കരാറിലൂടെ ഒറ്റക്കെട്ടായിത്തീർന്ന വ്യക്തികളും സമുദായങ്ങളും അതിന്റെ ലംഘനത്തിലൂടെ ശിഥിലരും ദുർബലരും അരക്ഷിതരുമായിത്തീരുന്നു.

ഉറപ്പിച്ച കരാറുകൾ ലംഘിക്കുന്നതിന് ഏറെ യോജിച്ച ഉപമയാണ് നൂൽ പിരിച്ച് ബലവത്താക്കിയ ശേഷം പിരിയുടച്ച് ബലഹീനമാക്കുന്നത്. ഇത് ٱلَّتِي نَقَضَتْ -എന്ന് നിർണിതയായ സ്ത്രീയിലേക്ക് ചേർത്തു പറഞ്ഞത്, പ്രവാചകന്റെ കാലത്ത് അങ്ങനെയൊരു മണ്ടിപ്പെണ്ണ് മക്കയിലുണ്ടായിരുന്നതുകൊണ്ടാണെന്ന് ഇബ്നു കസീർ, സുദ്ദി തുടങ്ങിയവർ പ്രസ്താവിച്ചിട്ടുണ്ട്. റൈത്വ ബിൻതു അംറ് ബിൻ കഅ്ബ് എന്നായിരുന്നു അവളുടെ പേര്. കരാർ ഉറപ്പിച്ചശേഷം ലംഘിക്കുന്നത് ബുദ്ധിയുള്ളവർക്ക് ചേർന്നതല്ലെന്നും അത് ബുദ്ധിശൂന്യരുടെ സ്വഭാവമാണെന്നും കൂടി ഈ ഉപമ സൂചിപ്പിക്കുന്നതായി ഇമാം മുജാഹിദ് പ്രസ്താവിച്ചിരിക്കുന്നു.

കരാറിലേർപ്പെടുന്ന ഓരോ കക്ഷിയും അതിനു തയാറാകുന്നത് അവരവരുടെ താൽപര്യങ്ങൾക്കുവേണ്ടിത്തന്നെയായിരിക്കും. ബന്ധപ്പെട്ട വിഷയത്തിൽ ഓരോ കക്ഷിയുടെയും താൽപര്യം മറുകക്ഷികളും സംരക്ഷിക്കുമെന്നാണ് കരാറിന്റെ ഉള്ളടക്കം. കരാർ ചെയ്തു കുറെകാലം കഴിയുമ്പോൾ ഏതെങ്കിലും ഒരു കക്ഷിക്ക് ആ കരാറിന്റെ ആവശ്യകത ഇല്ലാതാകാം. അല്ലെങ്കിൽ കരാറിലേർപ്പെടാൻ കൂടുതൽ നല്ല മറ്റൊരു കക്ഷിയെ കണ്ടെത്തിയെന്നു വരാം. അതുമല്ലെങ്കിൽ കരാറുകൊണ്ട് പ്രതീക്ഷിച്ച നേട്ടം ഉണ്ടായില്ലെന്നു വരാം. അതെന്തായാലും കരാർ വ്യവസ്ഥകൾ അതിന്റെ കാലാവധി വരെ പാലിക്കുക തന്നെ വേണം. കരാർ ദുർബലപ്പെടുത്തുകയാണെങ്കിൽ അത് ഇരുകക്ഷികളും സമ്മതിച്ചുകൊണ്ടേ പാടുള്ളൂ. പക്ഷേ, ആളുകൾ പലപ്പോഴും ഒരു കക്ഷിയുമായി കരാറിലേർപ്പെട്ട ശേഷം കൂട്ടുകൂടാൻ അവരെക്കാൾ പ്രബലരായ മറ്റൊരു കക്ഷിയെ കണ്ടെത്തുകയാണെങ്കിൽ ആദ്യ കരാർ ഏകപക്ഷീയമായി ലംഘിക്കുകയും പുതിയ കക്ഷിയുമായി കരാറുണ്ടാക്കുകയും ചെയ്യുന്നു. പിന്നെ പുതിയ സഖ്യകക്ഷി താൽപര്യപ്പെടുകയാണെങ്കിൽ അവരോടൊപ്പം ചേർന്ന ആദ്യത്തെ സഖ്യകക്ഷിയെ ആക്രമിക്കാൻ വരെ സന്നദ്ധരാകുന്നു. അതിനെയൊക്കെ ന്യായീകരിക്കുന്ന വിധത്തിൽ ആദ്യ കരാറിലെ വ്യവസ്ഥകൾ വ്യാഖ്യാനിക്കപ്പെടുന്നു. പണ്ടും ഇന്നും ഇത്തരം കരാർ ലംഘനങ്ങൾ ധാരാളം നടക്കുന്നുണ്ട്. ജാഹിലിയ്യാ കാലത്ത് ഒരു ഗോത്രവുമായി സഖ്യത്തിലേർപ്പെടുന്ന മറ്റൊരു ഗോത്രം തങ്ങളുടെ സഖ്യശക്തിയെക്കാൾ ശക്തരും സമ്പന്നരുമായ വേറെ ഗോത്രങ്ങളുമായി സഖ്യമുണ്ടാക്കാൻ സൗകര്യപ്പെട്ടാൽ ആദ്യ സഖ്യകക്ഷികളെ വഞ്ചിച്ച് പുതിയ കക്ഷിയുമായി കരാറിലേർപ്പെടുമായിരുന്നു. ഇതാണ്

تَتَّخِذُونَ أَيْمَـٰنَكُمْ دَخَلًۢا بَيْنَكُمْ أَن تَكُونَ أُمَّةٌ هِىَ أَرْبَىٰ مِنْ أُمَّةٍ

എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. ഒരു കാര്യത്തിൽ, അതിൽപെടാത്ത സംഗതി കടന്നുകൂടുകയാണ് الدّخل. വഞ്ചന, കുഴപ്പം, നാശം എന്നൊക്കെയാണ് പ്രയോഗാർഥം. വളർച്ച, പെരുപ്പം എന്നീ അർഥങ്ങളിലുള്ള ربوّ ന്റെ അത്യുത്തമവാചിയാണ് أَرْبَىٰ. സാമ്പത്തിക സമൃദ്ധി, സൈനികശേഷി, സംഖ്യാബലം, സ്വാധീനശക്തി, അധികാര ബലം തുടങ്ങിയവയിലെല്ലാമുള്ള വികാസത്തെ സൂചിപ്പിക്കുന്നതാണീ പദം. امة ന് സമുദായം, തലമുറ എന്നാണർഥമെങ്കിലും ഇവിടെ കരാറിലേർപ്പെടുന്ന കക്ഷികളെയാണുദ്ദേശിക്കുന്നത്. വ്യക്തികൾ മാത്രമല്ല സമുദായങ്ങളും രാഷ്ട്രങ്ങളുമെല്ലാം കരാറുകളെ വഞ്ചിക്കുന്നത് ഗുരുതരമാണെന്നും ഈ പദപ്രയോഗം സൂചിപ്പിക്കുന്നു. أَن تَكُونَ... എന്ന വാക്യത്തെ ഒരു കക്ഷി മറ്റേ കക്ഷിയേക്കാൾ ശക്തിയും സ്വാധീനമുള്ളവരാകുന്നതിനാൽ എന്നും അർഥമാകാം. തർജമയിൽ കൊടുത്ത അർഥത്തിന്റെയും ഇതിന്റെയും സാരാംശം ഒന്നുതന്നെയാണ്. പ്രത്യക്ഷത്തിൽ കരാറ് മാനിക്കുന്നുവെന്ന് നടിച്ചുകൊണ്ട് കരാറിന്റെ സ്പിരിറ്റിനും ലക്ഷ്യത്തിനും നിരക്കാത്ത സംഗതികളിലേർപ്പെടുന്നതും കരാർ ലംഘനം പോലെ കുറ്റകരവും ആപൽക്കരവുമാണെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. വൻസമൂഹങ്ങളും രാഷ്ട്രങ്ങളും ഇക്കാലത്ത് ഏറെ അവലംബിക്കുന്ന ദുഷിച്ച നടപടിയാണിത്. ഒരുരാജ്യം മറ്റൊരു രാജ്യവുമായി കരാറുണ്ടാക്കുന്നു. പിന്നീട് വേറൊരു രാജ്യമായി സഖ്യത്തിലേർപ്പെടുന്നതാണ് കൂടുതൽ ലാഭകരമെന്നു കാണുമ്പോൾ ആദ്യത്തെ സഖ്യകക്ഷിയെ അവഗണിച്ച് പുതിയ കൂട്ടരുമായി കരാറുണ്ടാക്കുന്നു. അതുമൂലം മറുകക്ഷിക്കുണ്ടാകുന്ന നഷ്ടങ്ങളൊന്നും ഒട്ടും പരിഗണിക്കുന്നില്ല. സ്വന്തം സുരക്ഷ, ദേശീയ താൽപര്യം തുടങ്ങിയ വാദങ്ങളാൽ അത്തരം നെറികേടുകൾ ന്യായീകരിക്കപ്പെടുന്നു. കരാറുകളെ യഥേഷ്ടം വ്യാഖ്യാനിച്ച് അനർഹവും അന്യായവുമായ സ്വാർഥങ്ങൾ നേടിയെടുക്കാൻ മറുകക്ഷികളെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്യുന്നവരുമുണ്ട്. ഐക്യരാഷ്ട്രസഭാ ചട്ടങ്ങളും നിയമങ്ങളുമെല്ലാം ആഗോള സമൂഹം പൊതുവിൽ എടുത്തിട്ടുള്ള പ്രതിജ്ഞകളും കരാറുകളുമാണ്. അക്രമിക്കുകയോ അക്രമിക്കപ്പെടുകയോ ചെയ്യാതെ, അടിമകളാവുകയോ അടിമകളാക്കപ്പെടുകയോ ചെയ്യാതെ എല്ലാ ജനതകളും പരസ്പരം സഹകരിച്ചും സംരക്ഷിച്ചും സ്വതന്ത്രമായും സമാധാനപരമായും സഹവർത്തിച്ചു വാഴുന്ന ആഗോള സാഹചര്യം നിലനിർത്തുക എന്നതാണതിന്റെ ലക്ഷ്യം. എന്നാൽ ഐക്യരാഷ്ട്രസഭയുടെ

കരാറുകളുടെയും തീരുമാനങ്ങളുടെയും മേൽവിലാസത്തിൽ തന്നെയാണ് ഇന്ന് വൻശക്തി രാഷ്ട്രങ്ങൾ ദുർബല രാഷ്ട്രങ്ങളിൽ സൈനികാധിനിവേശം നടത്തുന്നതും ജനങ്ങളെ അടിച്ചമർത്തി അവരുടെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതും.

കരാറുകളും പ്രതിജ്ഞകളും അല്ലാഹുവിങ്കൽ നിന്നുള്ള പരീക്ഷണങ്ങളാണ്. സ്വാർഥ താൽപര്യങ്ങളെയും പ്രലോഭനങ്ങളെയും അതിജീവിച്ച് ഒരാൾ അല്ലെങ്കിൽ സമൂഹം ചെയ്ത കരാറുകൾ പാലിക്കുന്നുവോ ഇല്ലേ എന്നാണവൻ പരീക്ഷിക്കുന്നത്. പരോക്ഷമായി കരാറുകൾ ലംഘിച്ചുകൊണ്ടിരിക്കെ പ്രത്യക്ഷത്തിൽ അതു പാലിച്ചുകൊണ്ടിരിക്കുകയാണെന്ന് വാദിക്കാൻ ഒരു പക്ഷെ നിങ്ങൾക്കു കഴിഞ്ഞേക്കാം. പക്ഷേ, രഹസ്യവും പരസ്യവും ഒരുപോലെ അറിയുന്ന അല്ലാഹുവിന്റെ മുമ്പിൽ ഈ തന്ത്രം വിലപ്പോവില്ല. പരോക്ഷമായ കരാർ ലംഘനമെങ്ങനെയാണെന്ന് വ്യക്തമാക്കുന്ന പ്രസിദ്ധമായ ഒരു സംഭവം ഇസ്‌ലാമിക ചരിത്രത്തിലുണ്ട്. ഖലീഫ മുആവിയയും റോമാ ചക്രവർത്തിയും തമ്മിൽ സമയ ബന്ധിതമായ ഒരു കരാറുണ്ടായിരുന്നു. കരാറിന്റെ കാലാവധി അവസാനിക്കാറായപ്പോൾ മുആവിയ റോമിന്റെ അതിർത്തിക്കടുത്ത് സൈന്യം സജ്ജീകരിച്ചു നിർത്തി. അവധി അവസാനിച്ചാലുടനെ റോമിനെ കടന്നാക്രമിക്കുകയായിരുന്നു ലക്ഷ്യം. സഖ്യകക്ഷിയായ റോമാകട്ടെ, അങ്ങനെയൊരാക്രമണ സാധ്യതയെ കുറിച്ചോർത്തിരുന്നില്ല. മുആവിയയുടെ സൈനിക നീക്കം അറിഞ്ഞതുമില്ല. ഈ സന്ദർഭത്തിൽ അംറുബ്നു അൻബസ എന്ന പ്രവാചക ശിഷ്യൻ മുആവിയയോട് പറഞ്ഞു: "അല്ലാഹു അക്ബർ! അല്ലയോ മുആവിയഃ കരാർ പാലിക്കണം. ചതിയരുത്. നബി(സ) പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: മറ്റൊരു ജനതയുമായി സമയം നിർണയിച്ച് കരാർ ചെയ്തിട്ടുണ്ടെങ്കിൽ നിശ്ചിത അവധി തീരുന്നത് വരെ അതു ലംഘിക്കാൻ പാടില്ലാത്തതാകുന്നു." ഇതുകേട്ട് മുആവിയ തന്റെ സൈന്യവുമായി തിരിച്ചുപോന്നു.

കരാർ സംബന്ധിച്ച് കക്ഷികൾക്കിടയിലുണ്ടാകുന്ന തർക്കങ്ങളുടെയും വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതിന് ഉന്നയിക്കപ്പെടുന്ന ന്യായങ്ങളുടെയുമെല്ലാം സത്യാവസ്ഥ അന്ത്യനാളിൽ അല്ലാഹു ഓരോ കക്ഷിക്കും വെളിപ്പെടുത്തിക്കൊടുക്കും. അപ്പോൾ അതു നിഷേധിക്കാനോ സ്വയം ന്യായീകരിക്കാനോ ആർക്കുമാവില്ല. ഇതാണ് وَلَيُبَيِّنَنَّ لَكُمْ........تَخْتَلِفُونَ എന്ന വാക്യത്തിലൂടെ ഉണർത്തുന്നത്.

ബലവത്തായി പിരിച്ചു മുറുക്കിയ കയറിന്റെ പിരിയഴിച്ച് വീണ്ടും ദുർബലമായ ഇഴകളാക്കുന്നതുപോലെ സത്യവിശ്വാസം കൈക്കൊണ്ട ശേഷം ഇസ്‌ലാമിനെ എതിർക്കുന്നവരുടെ ശക്തിയും സ്വാധീനവും കണ്ട് കുഫ്‌റിലേക്ക് തിരിച്ചുപോകുന്നവർക്കുള്ള താക്കീതു കൂടിയാണിത്.

**93.** അല്ലാഹുവിന്നു വേണമെങ്കിൽ മനുഷ്യരെയെല്ലാം ഒരൊറ്റ കക്ഷിയാക്കാമായിരുന്നു. വ്യക്തികൾക്ക് സ്വന്തമായി ചിന്തിക്കാനും തെരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് അവരെ പ്രകൃത്യാ അനിവാര്യമായി പിന്തുടരേണ്ട നിയമങ്ങൾക്കു വിധേയമാക്കിയാൽ മതിയായിരുന്നു. എങ്കിൽ അവർക്കിടയിൽ തർക്കങ്ങളും മത്സരങ്ങളുമുണ്ടാവില്ല. കരാറുകളുടെയും പ്രതിജ്ഞയുടെയും ആവശ്യവുമില്ല. പക്ഷേ, മനുഷ്യന്ന് സ്വയം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണവൻ. നല്ലതു ചിന്തിക്കുകയും സത്യത്തിന്റെയും ധർമത്തിന്റെയും സരണി സ്വീകരിക്കാനാഗ്രഹിക്കുകയും ചെയ്യുന്നവർക്ക് ആ വഴി സൗകര്യപ്പെടുത്തിക്കൊടുക്കുന്നു. സത്യവും ധർമവും അവഗണിച്ച് ആസക്തികളുടെ തെറ്റായ വഴിയിലൂടെ പോകാനാഗ്രഹിക്കുന്നവർക്ക് ആ വഴിയും സൗകര്യപ്പെടുത്തിക്കൊടുക്കുന്നു. രണ്ടു വഴികളും അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളതാണ്. അതാണ് അല്ലാഹു ഉദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുകയും ഉദ്ദേശിക്കുന്നവരെ നേർവഴിക്കു നയിക്കുകയും ചെയ്യുന്നുവെന്നതിന്റെ താൽപര്യമെന്ന് നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്.

*യൂനുസ്* 99-ാം സൂക്തത്തിൽ وَلَوْ شَآءَ رَبُّكَ لَآمَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا (നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂലോകത്തുള്ളവരെ ഒന്നടങ്കം സത്യവിശ്വാസികളാകുമായിരുന്നു) എന്നു പ്രസ്താവിച്ചിട്ടുണ്ട്. *ഹൂദ്* 118,119 സൂക്തങ്ങളിൽ

وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾ إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ

(നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരൊക്കെയും ഒറ്റ സമുദായമാകുമായിരുന്നു, അവൻ അങ്ങനെ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ അവർ സന്മാർഗത്തിൽനിന്ന് ഭിന്നിച്ചു കൊണ്ടേയിരിക്കും; നിന്റെ നാഥൻ അനുഗ്രഹിച്ചവരൊഴിച്ച്, അതിനാണവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്) എന്നും പ്രസ്താവിച്ചിരിക്കുന്നു. മനുഷ്യൻ തെരഞ്ഞെടുക്കുന്ന വഴി ഏതായാലും അവന്റെ ഓരോ കർമവും അന്ത്യനാളിൽ വിചാരണാ വിധേയമാവുകയും രക്ഷാശിക്ഷകൾ വിധിക്കപ്പെടുകയും ചെയ്യും. ■